ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ടി തുക Prior Period Tax Income
ശീർഷകത്തിലേക്ക് ക്രമീകരിച്ച് അക്കൗണ്ടിങ്ങ് അപാകത പരിഹരിക്കേണ്ടതാണ്. ക്ര
സ്ഥാപനം ഒടുക്കിയ നികുതി പഞ്ചായത്ത് ട്രഷറി അക്കൗണ്ടിൽ ക്രഡിറ്റ് ആയെങ്കിലും വരവ
ചെയ്തിട്ടില്ല. നികുതി വരവ് Prior Period Tax Income റവന്യൂ ശീർഷകത്തിൽ
ചെയ്യേണ്ടതാണ്. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ

സമയബന്ധിതമായി ഒടുക്കാൻ നടപടിയെടുക്കേണ്ടതാണ്. ക്രമ നം.3, 4 സ്ഥാപന ജീവനക്കാരുടെ 2022-23 വർഷത്തെ നികുതി Prior Period Tax Income റവന്യൂ ശീർഷ അടവാക്കി രസീത് ഉൾപ്പെടെ പ്രഥമ മറുപടി നൽകേണ്ടതാണ്.

**1-17 ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്ത സ്ഥാപ പ്രവർത്തിക്കുന്നു**

2022-23 ലെ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ/ഡി.സി.ബി. ആകെ 37 സ്ഥാപനങ്ങളുടെ ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതിയായി 9 രൂപയാണ് ഡിമാന്റ് ചെയ്തത്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ബാങ്കുകൾ, കോ-ഓപ് സൊസൈറ്റി, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവ പ്രസ്തുത ഡിമാന്റ് ലിസ്റ്റിൽ ഉൾ എന്ന് കാണുന്നു. ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റ് ഉൾപ്പെടാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. (ഗൂഗിൾ മാപ്പിൽ ലിസ്റ്റ് ചെ സ്ഥാപനങ്ങൾ)

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | HDFC ബാങ്ക്, ഭരണങ്ങാനം |
| 2. | കേരള ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം.4418 |
| 3. | കരിയർ ഹൈറ്റ്സ് ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട്, ഭരണങ്ങാനം |
| 4. | സെന്റ് ചവറ കോച്ചിങ്ങ് സെന്റർ, ഭരണങ്ങാനം |
| 5. | യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് ലിമിറ്റഡ്, ഭരണങ്ങാനം |
| 6. | KLM Axiva Finvest(Gold Loan), ഭരണങ്ങാനം |
| 7. | DTDC International Express Courier & Cargo, ഭരണങ്ങാനം |
| 8. | Accent English Academy, ഭരണങ്ങാനം |
| 9. | Angel One Broking Ltd. ഭരണങ്ങാനം |
| 10. | Star Health Insurance, ഭരണങ്ങാനം |
| 11. | Nuovosys Technologies Ltd. , ഭരണങ്ങാനം |
| 12. | Credible Marketing Company, ഭരണങ്ങാനം |
| 13. | Europe Study Centre, ഭരണങ്ങാനം |
| 14. | Sigma Study Centre, ഭരണങ്ങാനം |
| 15. | Subhikiran Capital Ltd. , ഭരണങ്ങാനം |

| | |
|---|---|
| 16. | Michel's Financial Services, ഭരണങ്ങാനം |
| 17. | Blooming Day Care & Play School, ഭരണങ്ങാനം |
| 18. | HEIM Language Zone, ഭരണങ്ങാനം |
| 19. | ശ്രേയസ് കേന്ദ്ര, ഭരണങ്ങാനം |
| 20. | Ribi Associates Construction Management, ഭരണങ്ങാനം |
| 21. | Raji Mathew & Co.(RMC), ഭരണങ്ങാനം |
| 22. | Seraphic Press & AIIT Information Technology, ഭരണങ്ങാനം |
| 23. | Divine Dental Clinic, ഭരണങ്ങാനം |
| 24. | Jeevan Books Magazine, ഭരണങ്ങാനം |
| 25. | Hive Infotech, ഭരണങ്ങാനം |
| 26. | JKMO Karate Academy |
| 27. | Neptune Solar Syastems |
| 28. | Softco Harvest Forever, ഭരണങ്ങാനം |
| 29. | വരകപ്പള്ളിൽ ഹോമിയോ ക്ലിനിക്, ഭരണങ്ങാനം |
| 30. | SIM You Fit Multi Gym, ഭരണങ്ങാനം |
| 31. | പുത്തൻ പുരയ്ക്കൽ സിദ്ധ ക്ലിനിക്, ഭരണങ്ങാനം |
| 32. | സി.കെ. ഹയറിങ്ങ് സെന്റർ, ഭരണങ്ങാനം |
| 33. | ജീസസ് എർത്ത് മൂവേഴ്സ്, ഭരണങ്ങാനം |
| 34. | മഠത്തിൽ ട്യൂഷൻ സെന്റർ, ഭരണങ്ങാനം |
| 35. | Velady Tourist Home, ഭരണങ്ങാനം |
| 36. | Anna Ladies Gym, ഭരണങ്ങാനം |

പഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വലിയ സ്ഥാപന പരമാവധി നികുതിയായ 2,500/- രൂപ നികുതി ചുമത്താവുന്നതായിരുന്നു. ടേ അടിസ്ഥാനത്തിൽ അക്രുവൽ ഡിമാന്റ് കണക്കാക്കി ഈടാക്കുന്ന തൊഴിൽ നികുതി ചെയ്യാതിരുന്നത് പഞ്ചായത്തിന് നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാക്കി അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണ (നം.10/2022-23/14.07.2023) നൽകിയതിന് സ്ഥാപനങ്ങളെ ഡിമാന്റിൽ ഉൾപ്പെടുത്തി ഈടാക്കുമെന്ന് അറിയിച്ചു. മേൽവിവരിച്ച സ്ഥാപനങ്ങളുൾപ്പെടെ ഫീൽഡ് പരിശോധന പഞ്ചായത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റ് പരിഷ്കരിച്ച് നികുതി ഡിമാന്റ്

പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കേണ്ടതാണ്. പുതുക്കിയ ഡിമാന്റ് പ്രകാരം ഉൾപ്പെ സ്ഥാപനങ്ങളുടെ 2022-23 നികുതി തുക നടപ്പ് സാമ്പത്തിക വർഷം Prior Peri ശീർഷകത്തിൽ നിന്ന് Receivable For Profession Tax-Institutions(Arrear) ശീർഷകത്ത അക്രുവൽ എൻട്രി നടത്തിയ ശേഷം കുടിശിക നികുതിയായി അടവാക്കേണ്ടതാണ്. ഒടുക്കിയ രസീതുകൾ ഉൾപ്പെടെ പ്രഥമ മറുപടി നൽകേണ്ടതാണ്.

**1-18 ട്രേഡർമാരുടെ തൊഴിൽ നികുതി-കൃത്യമായ ഡിമാന്റ് ഡേറ്റ തയ്യാറാക്കിയിട്ടില്ല**

പഞ്ചായത്തിലെ ട്രേഡർമാരുടെ എണ്ണവും വിവരവും സംബന്ധിച്ച് വാർഡ് അടിസ്ഥാ കൃത്യമായ ഡാറ്റ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ട്രേഡർമാരുടെ തൊഴിൽ നികുതി കണക്കാക്കി നികുതി ഡിമാന്റ് ചെയ്യുന്നതിന് സാധിച്ചിട്ടില്ല. പഞ്ചായത്തിൽ ലഭ്യമാ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 379 ട്രേഡർമാരെ ലിസ്റ്റ് ചെയ്തിട്ടുണ്ട്. ടി ട്രേഡർമാരെ അടിസ്ഥാനത്തിൽ ലിസ്റ്റ് ചെയ്തിട്ടില്ല. 2022-23 ലൈസൻസ് രജിസ്റ്ററിലാണ് ട്രേഡർ നികുതി വിവരവും ചേർക്കുന്നത്. തൻവർഷം 318 ട്രേഡേഴ്സിൽ നിന്ന് 2,62,800/- രൂപയാണ് തൊഴിൽ നികുതിയായി ഡിമാന്റ് ചെയ്ത് ഈടാക്കിയത്. ലൈസൻസ് എടുക്കുന്ന ട്രേ വിവരങ്ങൾ മാത്രം ചേർത്ത് ട്രേഡർ തൊഴിൽ നികുതി ഡിമാന്റ് കണക്കാക്കുന്ന രീ തുടരുന്നത്. വാർഡ് അടിസ്ഥാനത്തിൽ ട്രേഡർമാരുടെ വിവരം ശേഖരിച്ച് ഡിമാന്റ് തയ്യാറാക്കാത്തതിനാൽ ട്രേഡർമാരുടെ നികുതിയിനത്തിൽ പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നുണ്ട് എന്ന് കരട് ട്രേഡേഴ്സ് ലിസ്റ്റിലെ എണ്ണത്തിൽ നിന്ന് വ്യക്തമാണ്.
കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഏതാനും വലിയ ടേണോവർ ഉള്ള 2022-23 വർഷത്തെ നികുതി ഡിമാന്റിൽ ഉൾപ്പെടാത്തതിന്റെ ഉദാഹരണങ്ങൾ ചുവടെ ചേർ

| ക്രമ നം. | ട്രേഡർ |
|---|---|
| 1. | മൂക്കൻതോട്ടത്തിൽ റബ്ബർ നഴ്സറി & ഗാർഡൻസ്, ഇടപ്പാടി, ഭരണങ്ങാനം |
| 2. | സെന്റ് അൽഫോൻസാ കാർഷിക നഴ്സറി & ഗാർഡൻസ്, ഭരണങ്ങാനം |
| 3. | ജെനി ഹെർബൽ ബ്യൂട്ടി പാർലർ, ഭരണങ്ങാനം |
| 4. | കല്ലൂക്കുന്നേൽ ഫാർമസി, ഭരണങ്ങാനം |
| 5. | ഒലിവ് ബ്യൂട്ടി പാർലർ, ഭരണങ്ങാനം |
| 6. | KEF Farm, ഭരണങ്ങാനം |

ട്രേഡർമാരുടെ അടിസ്ഥാന ഡേറ്റ തയ്യാറാക്കി ഡിമാന്റ് നിർണ്ണയിക്കാതിരുന്നതിനാൽ നികുതി ഡിമാന്റിൽ ഉൾപ്പെടാതെ ട്രേഡർമാർ പ്രവർത്തിക്കുന്നതിനും പഞ്ചായത്തിന് വർഷവും ഭീമമായ നികുതി ചോർച്ചയ്ക്കും ഇടയാക്കുന്നു. ഈ വിഷയത്തിൽ ആധ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.11/2022-23/14.

നൽകിയതിന് മറുപടിയായി ട്രേഡർമാരുടെ വാർഡ് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് പ്രകാരം ഡിമാന്റ് ക്രമീകരിക്കുന്നതാണ് എന്നറിയിച്ചു. പഞ്ചായത്തിലെ ട്രേഡർമാരുടെ അടിസ്ഥാനത്തിലുള്ള ലിസ്റ്റ് ലൈസൻസ്/തൊഴിൽ നികുതി ഡാറ്റാബേ തയ്യാറാക്കേണ്ടതാണ്. ട്രേഡർമാരുടെ തൊഴിൽ നികുതി ഡിമാന്റ് ഡേറ്റാബേസ് ബാധ വാർഡ് അടിസ്ഥാനത്തിൽ നിശ്ചയിക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽത്തന്നെ ‍ കളക്ഷൻ-ബാലൻസ് പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ട്രേഡ ഡേറ്റാബേസ് തയ്യാറാക്കുന്ന നടപടികൾ പൂർത്തിയാക്കി 2022-23 വർഷം നികുതിയിലുണ്ടാ തൻവർഷം കുടിശികയായി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയ ശേഷം വിശദമായ നൽകേണ്ടതാണ്.

**1-19 ഷോപ്പിംഗ് കോപ്ലക്സ് വാടക -പൂർണ്ണമായും ലഭ്യമായിട്ടില്ല**

ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പ്രവിത്താനം ഷോപ്പിംഗ് കോംപ്ല വിവിധ കടമുറികളുടെ മാസവാടക 2022-23 സാമ്പത്തിക വർഷം പൂർണ്ണമായും ലഭ്യമ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റൂം നമ്പർ | വാടകക്കാരൻ | മാസ വാടക | വാടക ലഭിക്കുവാനുള്ള മാസങ്ങൾ | ലഭിക്കുവാനുള്ള തുക | എസ്ജി.എ സി.ജി.എസ് |
|---|---|---|---|---|---|
| 1/238 | സിബിച്ചൻ തോമസ് | 3350 | 01/23<br>02/23<br>03/23 | 10050 | 1812 |
| 1/239 | കുര്യൻ ആന്റണി | 3350 | 01/23<br>02/23<br>03/23 | 10050 | 1812 |
| 1/240 | കെ.എൻ.കൃഷ്ണൻ | 3350 | 03/23 | 3350 | 604 |
| 1/241 | ലിസ്സാമ്മ ഫിലിഫ് | 3203 | 03/23 | 3203 | 576 |
| 1/244 | കുര്യൻ ആന്റണി | 2528 | 01/23<br>02/23<br>03/23 | 7584 | 1362 |
| 1/245 | എം.എൻ.ഗോപി | 3577 | 02/23<br>03/23 | 7154 | 1288 |

| | | | | | |
|---|---|---|---|---|---|
| ലഭ്യമല്ല | അക്ഷയ സെന്റർ | 2858 | 01/23<br>02/23<br>03/23 | 8574 | 1542 |
| ആകെ | | | | 49965 | 8996 |

മേൽ പറഞ്ഞ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വാടക ഇനത്തിൽ ലഭിക്കു മുഴുവൻ തുകയും പിഴപ്പലിശ ഉൾപ്പെടെ കരാർ വ്യവസ്ഥകൾ പ്രകാരം അടിയന്ത ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഷോപ്പിംഗ് കോ പ്രവർത്തിക്കുന്ന അക്ഷയ സെന്റർ നിലവിൽ കെട്ടിട നമ്പർ ഇല്ലാ പ്രവർത്തിച്ചുവരുന്നത്. അക്ഷയ സെന്റർ പ്രവർത്തിക്കുന്ന കെട്ടിട മുറിയ്ക്ക് ന നടത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അപാകതകൾ പരിഹരിച്ച് കുടിശ്ശിക ഇ വിവരം അറിയിക്കേണ്ടതാണ്.

## 1-20 റോഡ് കട്ടിംഗ് റിസ്റ്റോറേഷൻ ചാർജ് നിർണ്ണയിച്ചതിൽ അപാകത

ഭരണങ്ങാനം ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള റോഡുകളിൽ ഒപ്റ്റിക്കൽ ഫൈബർ സ്ഥാപിക്കുന്നതിനായി റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് എന്ന സ പഞ്ചായത്തിൽ റിസ്റ്റോറേഷൻ ചാർജ് അടച്ച് അപേക്ഷ നല്കുകയും ഭരണ സമ് അനുമതിയോടെ പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കോ അറവക്കുളം റോഡിൽ 450 മീറ്ററും, എസ് ബി ഐ മുതൽ കോട്ടവഴി വരെയും ഓഡിറ്റോറിയം മുതൽ കോളനി റോഡ് വരെയുമായി 1280 മീറ്ററും കേബിൾ സ്ഥാപ കോട്ടവഴി അറവക്കുളം റോഡിൽ 450 മീറ്റർ നീളം 40 സെ മീ വീതിയിലും , എസ് ബി ഐ കോട്ടവഴി വരെയും അതിഥി ഓഡിറ്റോറിയം മുതൽ കോളനി റോഡ് വരെ 1280 മീറ്റർ നീളം മീ മുതൽ 50 സെ മീ വരെ വീതിയിലും റീസ്റ്റോറേഷൻ നടത്തുന്നതിനുള്ള എസ്റ്റിമേറ്റാണ് അ എഞ്ചിനീയർ തയ്യാറാക്കി റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് എന്ന സ്ഥാപ നിന്നും തുക ഡിമാന്റ് ചെയ്ത് ഇടാക്കിയിട്ടുള്ളത്.

റോഡ് കട്ടിംഗ് റിസ്റ്റോറേഷൻ ചാർജ് പുതുക്കിക്കൊണ്ടുള്ള PWD ചീഫ് എഞ്ചിനീയറുടെ 30- ലെ CE/R&B/GL-RC/2/2019 നമ്പർ സർക്കുലർ പ്രകാരം റിസ്റ്റോറേഷൻ വീതി ട്രഞ്ചിന്റെ വീ 1.5 ഇരട്ടിയായിരിക്കണം, കൂടാതെ ടാറിംഗ് റോഡുകളുടെ റീസ്റ്റോറേഷൻ ചാർജ് കണക്കാക്ക മിനിമം വീതി 1 മീറ്റർ ആയിരിക്കണം . എസ്റ്റിമേറ്റ് തയ്യാറാക്കി ഈടാക്കേണ്ടിയിരുന്ന വിവരം ചുവടെ ചേർക്കുന്നു.

<u>കോട്ടവഴി അറവക്കുളം റോഡിൽ 450 മീറ്റർ</u>

| ക്രനം | ഇനം | ഈടാക്കിയ തുക | | | ഈടാക്കേണ്ടിയിരുന്ന തുക | | | |
|---|---|---|---|---|---|---|---|---|
| | | വീതി | ഏരിയ / തുക | ഈടാക്കിയ തുക | വീതി | ഏരിയ / തുക | ഈടാക്കേണ്ടിയിരുന്ന തുക | കുറ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | കോൺക്രീറ്റ് 250 Mtr | 0.4 | 100m2 @5473.44 | 547344.00 | 0.6 | 150m2 @5473.44 | 821016.00 | 2736 |
| 2 | ഷോൾഡർ കട്ടിംഗ് 200 Mtr | 0.4 | 80m2 @1530.77 | 122461.60 | 0.6 | 120m2 @1530.77 | 183692.40 | 6123 |
| | ആകെ | | | | | | | 3349 |

<u>അതിഥി ഓഡിറ്റോറിയം മുതൽ കോളനി റോഡ് വരെ 1280 മീറ്റർ</u>

| ക്രനം | ഇനം | ഈടാക്കിയ തുക | | | ഈടാക്കേണ്ടിയിരുന്ന തുക | | | |
|---|---|---|---|---|---|---|---|---|
| | | വീതി | ഏരിയ / തുക | ഈടാക്കിയ തുക | വീതി | ഏരിയ / തുക | ഈടാക്കേണ്ടിയിരുന്ന തുക | കുറവ |
| 1 | കോൺക്രീറ്റ് 300 Mtr | 0.3 | 90m2 @5473.44 | 492609.60 | 0.45 | 135m2 @5473.44 | 738914.40 | 2463 |
| 2 | കോൺക്രീറ്റ് 600 Mtr | 0.4 | 240m2 @5473.44 | 1313625.60 | 0.6 | 360m2 @5473.44 | 1970438.40 | 6568 |
| 3 | 20mm ചിപ്പിംഗ് കാർപറ്റ് 380 Mtr | 0.2 | 76m2 @3090.57 | 234883.32 | 1 Mtr | 380m2 @3090.57 | 1174416.6 | 9395 |
| 4 | 20mm ചിപ്പിംഗ് കാർപറ്റ് 600 Mtr | 0.2 | 120m2 @3090.57 | 370868.40 | 1 Mtr | 600m2 @3090.57 | 1854342.00 | 1483 |
| 5 | ഷോൾഡർ കട്ടിംഗ് | 0.5 | 150m2 @1530.77 | 229615.5 | 0.75 | 225 M2 @1530.77 | 344423.25 | 1148( |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 300 Mtr | | | | | | | |
| | ആകെ | | | | | | | 344( |

മേൽ സർക്കുലറിലെ നിർദ്ദേശം പാലിക്കാതെ ട്രഞ്ച് വീതി മാത്രം പരിഗണിച്ച് എ തയ്യാറാക്കിയതിലൂടെ പഞ്ചായത്തിന് 3775835.03 രൂപ (3440932.23+334902. സാമ്പത്തിക നഷ്ടം ഉണ്ടായതായി കാണുന്നു. അപാകതയിൽ വിശദ് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 5/2022-23/13.07.2023 നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലൂടെ പഞ്ചാ ഉണ്ടായിട്ടുള്ള നഷ്ടം സംബന്ധിച്ച് ഭരണസമിതി വിഷയം പരിഗണിച്ച്, പരിശോധന നടത്ത പഞ്ചായത്തിന് ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-21 സർക്കാരിലേക്ക് ഒടുക്കേണ്ട ഓഡിറ്റ് റിക്കവറി-തനത് വരുമാനമായി അക്കൗണ്ട് ചെ**

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം ഓഡിറ്റ് റിക്കവ അടവാക്കിയ തുകകളിൽ സർക്കാരിലേക്ക് ഒടുക്കേണ്ട തുകകളും പഞ്ചായത്തിന്റെ വരുമാനമായിട്ടാണ് 2022-23 വർഷം അക്കൗണ്ട് ചെയ്തിരിക്കുന്നത്. തിരികെ ഉ സർക്കാരിലേക്ക് ഒടുക്കേണ്ട തുകകൾ ബാധ്യത ശീർഷകത്തിലായിരുന്നു അ ചെയ്യേണ്ടിയിരുന്നത്. സർക്കാരിലേക്ക് ഒടുക്കേണ്ട തുകകൾ റവന്യൂ വരുമാനമായി അ ചെയ്യുമ്പോൾ ആയത് പഞ്ചായത്ത് ഫണ്ടിൽ നിന്ന് സർക്കാരിലേക്ക് ഒടുക്കാൻ സാധ വരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം/ ഖണ്ഡിക | റിക്കവറി ഇനം/ റിക്കവറി തുക | രസീത് നം./തീയതി അക്കൗണ്ട് ചെയ്ത ശീർഷകം | തുക ഒടുക്കിയ ഉദ്യോഗസ്ഥ |
|---|---|---|---|---|
| 1. | 2020-21 1-32 | മെയിന്റനൻസ് ഗ്രാന്റ് 2020-21 റോഡ്ടാറിങ് പ്രവൃത്തികളുടെ കാലി ബാരൽ വിലയും GST യും 4,777/- രൂപ (പ്രോജക്ട്-79/21) | 1220100484/07.06.2022 190200401-Prior Period Income-Other Income | അസിസ്റ്റന്റ് എഞ്ചിനീയർ LSGD |
| 2. | 2020-21 1-33 | മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച റോഡ്പ്രവൃത്തിക്ക് | 1220100484/07.06.2022 290800501-Prior Period Expenses- | അസിസ്റ്റന്റ് എഞ്ചിനീയർ LSGD |

| | | | | |
|---|---|---|---|---|
| | | അധികം നൽകിയ തുക 3,740/- രൂപ (പ്രോജക്ടുകൾ 146/21, 239/21) | Programme Expenses | |
| 3. | 2021-22 3-1 | വികസന ഫണ്ട് വിനിയോഗിച്ച് പാൽ സബ്സിഡിയിനത്തിൽ അധികമായി നൽകിയ 7,071/- രൂപ (പ്രോജക്ട്-32/22) | 1220102964/20.01.2023 180400103-Recovery From Employees -Audit Recovery Based On Audit Report/ AuditEnquiry | ഡയറി എക്സ്റ്റെൻഷ ഓഫീസർ |

മേൽവിവരിച്ച മൂന്ന് ഇനങ്ങളിലുള്ള 15,588/- രൂപ ഓഡിറ്റ് റിക്കവറികളും പഞ്ചായത്ത് ബാധ്യത ശീർഷകത്തിൽ അടവാക്കിയ ശേഷം സർക്കാരിലേക്ക് നിശ്ചിത ശീർഷക ഒടുക്കേണ്ടിയിരുന്നു. 2022-23 വർഷം റവന്യൂ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്തതിനാ പഞ്ചായത്തിന്റെ തൻവർഷ റവന്യൂ വരവായി മാറി. ക്രമ നം.2 വരവ്-ചെലവ് ശീർഷകത്ത അക്കൗണ്ട് ചെയ്തിരിക്കുന്നത്. സർക്കാരിലേക്ക് ഒടുക്കേണ്ട തുകകൾ പഞ്ചായത്തിന്റെ വരുമാനമായി അക്കൗണ്ട് ചെയ്ത അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.15/2022-23/19.07.2023) മറുപടി ലഭ്യമായില്ല.

മേൽ പട്ടികയിൽ വിവരിച്ച 2022-23 ലെ ഓഡിറ്റ് റിക്കവറികൾ സർക്കാരിലേക്ക് ഒടു തുകകളായി (Payable To Government) നടപ്പ് വർഷം(2023-24) നിശ്ചിത ശീർഷകങ്ങളിലേക്ക് ജേർണൽ വൗച്ചറിലൂടെ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തേ ബാധ്യതയാക്കിയ പ്രസ്തുത തുകകൾ സർക്കാരിലേക്ക് നിശ്ചിത ശീർഷകങ്ങളിൽ(വികസന മെയിന്റനൻസ് ഗ്രാന്റ് തിരിച്ചടവ്, SGST,CGST) ഒടുക്കി ട്രഷറി ചെലാന്റെ സാക്ഷ്യപ്പെ പകർപ്പ് ഉൾപ്പെടെ മറുപടി നൽകേണ്ടതാണ്.

**1-22 ജില്ല-ബ്ലോക്ക് വിഹിതങ്ങൾ പഞ്ചായത്ത് ഫണ്ടിലുള്ളത് ചെലവഴിക്കുന്നില്ല**

മുൻവർഷങ്ങളിൽ കോട്ടയം ജില്ലാ പഞ്ചായത്ത്, ളാലം ബ്ലോക്ക് പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമായ വിഹിതങ്ങളിൽ 137,407/- രൂപ ചെലവഴ അവശേഷിക്കുന്നുണ്ട്. 2022-23 വർഷം പ്രോജക്ട് മാപ്പിങ്ങിലൂടെ ലഭ്യമായ ജില്ല- വിഹിതങ്ങളാണ് സംയുക്ത പ്രോജക്ടുകളിൽ ചെലവഴിച്ചത്. പഞ്ചായത്ത് ഫണ്ടിലുള്ള ജില്ല- വിഹിതങ്ങൾ ഏത് സാമ്പത്തിക വർഷം ഏതെല്ലാം പ്രോജക്ടുകൾക്ക് ലഭിച്ചതാണ് എ.സി.ആറിൽ ചേർത്തിട്ടില്ല. മുൻവർഷങ്ങളിൽ പ്രോജക്ടിന് ചെലവഴിച്ചതിന് അവശേഷിക്കുന്ന ഫണ്ടുകളാണോ എന്നതിലും വ്യക്തതയില്ല. ജില്ല-ബ്ലോക്ക് വിഹിതങ്ങ പ്രോജക്ടിന് ലഭിച്ചതാണ് എന്നതിന് വ്യക്തതയില്ലാത്തതും വാർഷിക പദ്ധതി പ്രോജ

വകയിരുത്താതെ അവശേഷിക്കുന്ന ഫണ്ടുമാണ് പഞ്ചായത്തിന് 31/03/2023 ലും ബാധ്യ
തുടരുന്നത്.

പ്രോജക്ടിന് വകയിരുത്താതെയും ചെലവഴിക്കാതെയും അവശേഷിക്കുന്ന പ
സംബന്ധിച്ച കണക്ക് സർക്കാരിന് നൽകിയിട്ടുണ്ട് എന്നും സർക്കാർ നിർദ്ദേശ പ്രക
ഫണ്ടുകൾ തിരികെ അടവാക്കി പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കുമെന്നുമാണ് അക
ഓഡിറ്റ് സമയത്ത് അറിയിച്ചത്. ഭരണങ്ങാനം ഗ്രാമപഞ്ചായത്ത് ഫണ്ടിലെ ചെലവഴ
അവശേഷിക്കുന്ന ജില്ല-ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ 137,407/- രൂപ 2023-24 വർഷ
സർക്കാരിലേക്ക് അടവാക്കി പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കേണ്ടതും ട്രഷറി
സഹിതം അനുബന്ധ വിവരങ്ങൾ മറുപടിയിൽ അറിയിക്കേണ്ടതുമാണ്.

## 1-23 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള കറന്റ് അക്കൗണ്ടിൽ തനത് ഫണ്ട് സൂക്ഷിക്ക

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ഭരണങ്ങാനം, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ
37190411984 നമ്പർ കറന്റ് അക്കൗണ്ടിൽ 06-07-2023 തീയതിയിൽ 36285/- രൂപ നീക്കി
ഉണ്ട്. വിശദമായി പരിശോധിച്ചതിൽ ഇതിൽ 3192/- രൂപ തനത് ഫണ്ട് പ്രോജക്ടിൽ
നികുതി അടവാക്കുന്നതിന് സെക്രട്ടറി ട്രാൻസ്ഫർ ചെയ്ത തുകയും ബാക്കി 33093/-രൂപ ഇ
ഫീസിനത്തിൽ LSGD എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിച്ച തുകയുമാണ്.
വിഹിതങ്ങൾ യഥാസമയം ബന്ധപ്പെട്ട അക്കൗണ്ട് ഹെഡുകളിൽ അടവാക്കാത
നിയമവിരുദ്ധമാണ്. ഈ സാഹചര്യത്തിൽ പഞ്ചായത്ത് തനത് ഫണ്ടിൽ ലഭിക്കേണ്ട 3309
തനത് ഫണ്ടിലേക്ക് മാറ്റേണ്ടതും നികുതി തുക 3192/- രൂപ ബന്ധപ്പെട്ട അക്കൗണ്ട് ഹെ
അടവാക്കേണ്ടതുമാണ്. കൂടാതെ കാഷ്ബുക്ക് /ബാങ്ക് ബുക്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാ

## 1-24 കർഷകർക്ക് സബ്സിഡി-കൃഷി ചെയ്തതായി വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിക്കുന്

കൃഷി ഓഫീസർ നടപ്പാക്കിയ കർഷകർക്കും കർഷക സംഘങ്ങൾക്കും കൃഷി ചെയ്
സബ്സിഡി നൽകുന്ന പ്രോജക്ടുകളിൽ കർഷകർ കൃഷി ചെയ്തതിന്റെ വി
ആധികാരികമാക്കാതെയാണ് സബ്സിഡി നൽകിയത് എന്ന് കാണുന്നു. പ്രോജക്ടുകളുടെ
താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് | ഞങ്ങളും കൃഷിയിലേക്ക്-തരിശ് കൃഷി പ്രോത്സാഹനം(164/23) | ഞങ്ങളും കൃഷിയിലേക്ക്-സമഗ്ര കിഴങ്ങ് വിള വികസനം(172/23) |
| അടങ്കൽ | 50,000/- വികസന ഫണ്ട്-ജനറൽ | 100,000/- വികസന ഫണ്ട്-ജന |
| ചെലവ് | 50,000/- (Bill No.281/15.03.2023) | 100,000/- (Bill No.282/15.03.202 |
| ഗുണഭോക്താക്കളുടെ എണ്ണം | 8 കർഷകർ | 18 (17 കർഷകരും ഒരു കർഷക സംഘവും) |

മേൽ പ്രോജക്ടുകളിൽ ഗുണഭോക്താക്കളായ കർഷകർ, കർഷക സംഘം സബ
ലഭിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷ, സ്ഥലം സംബന്ധിച്ച രേഖകൾ തുടങ്ങിയ

ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. കൃഷി ചെയ്തത് കൃഷി ഓഫീസർ/കൃഷി അസിസ്റ്റന്റ് സ്ഥല പരി നടത്തി വിശദാംശം സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഏതാനും അപേക്ഷകളിൽ സബ്സിഡ ശുപാർശ ചെയ്യുന്ന എന്ന് മാത്രമാണ് രേഖപ്പെടുത്തി കാണുന്നത്. കൃഷി ചെയ്തതായുള്ള മെമ്പറുടെ സാക്ഷ്യപത്രം, വർക്കിങ്ങ് ഗ്രൂപ്പിന്റെ മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ഗു ഗുണഭോക്താക്കളുടെ അപേക്ഷ ഫയലിലും രേഖപ്പെടുത്തിയിട്ടില്ല. ഫയലുകളിലെ മോണിറ്റ അപാകത നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചപ്പോൾ കൃത്യമായ ഫീൽഡ് പരിശേ ശേഷമാണ് സബ്സിഡി അനുവദിച്ചത് എന്നാണ് മറുപടി നൽകിയത്. കൃഷി ചെ അടിസ്ഥാനത്തിൽ സബ്സിഡി നൽകുന്ന പ്രോജക്ടുകളിൽ കൃഷി ചെയ്തതിന്റെ കൃത്യമായ സബ്സിഡിയും, വർക്കിങ്ങ് ഗ്രൂപ്പിന്റെ മോണിറ്ററിങ്ങ് റിപ്പോർട്ട്, വാർഡ് മെമ്പറുടെ സാക എന്നിവ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. ഈ വിഷയം നിർവ്വഹണ ഉദ്യോഗസ വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-25 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പിലാക്കിയ ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 002/23 |
| അടങ്കൽ | 150000(റോഡിതരം) |
| ചെലവ് | 150000<br>(ബിൽ നമ്പർ 01/22-23/12.12.22 |

എഗ്രിമെന്റ് നമ്പർ HCO/SA/537/2023/31.01.23 പ്രകാരം ഹോംകോയിൽ നിന്ന് വാങ്ങുന്നതിനായി 150000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ടി തുകയ്ക്കുള്ള മരു ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവഴിച്ച 150000 രൂപ തടസ്സപ്പെ മരുന്നുകൾ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 പ്രത്യേക കന്നുകുട്ടി പരിപാലനം

പ്രോജക്ട് നം.-118/23

നിർവ്വഹണം-വെറ്റിനറി സർജൻ

അടങ്കൽ-18.75 ലക്ഷം

(വികസനഫണ്ട് ജനറൽ-937,500/-, ഗുണഭോക്തൃവിഹിതം നേരിട്ട് -937,500/-)

ചെലവ്- 937,500/-(ബിൽ നം.9.25 ലക്ഷം-145/06.01.2023, 12,500/- -162/15.01.2023)

നിർവ്വഹണ ഉദ്യോഗസ്ഥന്റെ 06/01/2023 ലെ 35/22 നം. നടപടിക്രമം പ്രകാരം ( കന്നുകുട്ടി പരിപാലനം പ്രോജക്ടിൽ 75 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്കുള്ള

വിതരണത്തിനായി 937,500/- രൂപ കോട്ടയം ജില്ല കാഫ്ഫീഡ് സബ്സിഡി അ ഡയറക്ടർക്ക് 70801140000050 നം. ട്രഷറി അക്കൗണ്ടിൽ അടവാക്കിയിട്ടുണ്ട്. പ്രോജക്ടിലെ വിതരണ കാലയളവ് 32 മാസമാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് സമയത്ത്(ജ്രൂലൈ ഹാജരാക്കിയ ഫീഡ് വിതരണ നാൾവഴി രജിസ്റ്റർ പ്രകാരം 4 മാസത്തെ ഫീഡ് വിതരം പൂർത്തിയായത്. പ്രോജക്ട് കാലയളവിന് ശേഷം കാഫ്ഫീഡ് സബ്സിഡി പ്രോഗ്രാം ഓഫ നിന്നുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. 937,500/- രൂപയുടെ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**<u>1-27 ലൈഫ് ഭവനപദ്ധതി 740,000/- രൂപയുടെ ചെലവ് ഫലപ്രദമായില്ല</u>**

2018-19 ൽ ആരംഭിച്ച ലൈഫ് ഭവന പദ്ധതിയിൽ ഭൂരഹിതഭവനരഹിതരായ 2 വ്യ ഭവനരഹിതനായ ഒരാളും പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട് ഭവന നിർമ്മാണ പ്രവർത്ത ആരംഭിച്ചെങ്കിലും നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. വിശ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ബിജു കുട്ടപ്പൻ കുളത്തിനാൽ പറമ്പിൽ | ഭൂരഹിത ഭവന രഹിതനായതിനാൽ 2 ലക്ഷം രൂപക്ക് വസ വാങ്ങി നല്കുകയും ഭവനനിർമ്മാണത്തിന് 2020-21 ൽ കരാ വയ്ക്കുകയും ചെയ്തെങ്കിലും നാളിതു വരെ പ്രവൃത്തി പൂർത്തീകരി അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. |
| 2 | ജയ്സൺ അപ്രേം മുയറ്റിയിൽ | ഭവനനിർമ്മാണത്തിന് 2020-21 ൽ കരാർ വക്കുകയും 3 ലക്ഷ രൂപ കൈപ്പറ്റുകയും ചെയ്തെങ്കിലും നാളിതു വരെ പ്രവൃത്ത പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. |
| 3 | ഷംല ബിജു ചക്രവേലിത്താഴെ | ഭൂരഹിത ഭവന രഹിതയായതിനാൽ 2 ലക്ഷം രൂപക്ക് വസ വാങ്ങി നല്കുകയും ഭവനനിർമ്മാണത്തിന് 2020-21 ൽ 40000/ രൂപ മുൻകൂർ നല്കുകയും ചെയ്തെങ്കിലും നാളിതു വരെ പ്രവൃത്ത പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. |

മേൽ പറഞ്ഞ 3 വ്യക്തികൾക്കായി ഇതിനോടകം 7,40,000/- രൂപ ചെലവഴിച്ചെങ്കില നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച തുക ഫലപ്രദമായില്ല എന്ന് ക ഭരണ സമിതി വിഷയം പരിഗണിക്കേണ്ടതും മുൻകൂർ തുക കൈപ്പറ്റിയവരുടെ ഭവന നിർ പൂർത്തിയാക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. മേൽ ഭവനനിർമ്മാണങ്ങൾ പൂർത്ത വിവരം അറിയിക്കേണ്ടതാണ്.

**<u>1-28 ലാപ്ടോപ്/പ്രിന്റർ വാങ്ങൽ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ഉപകരണങ്ങ ലഭ്യമായിട്ടില്ല</u>**

പ്രോജക്ട് നം. SO246/23

തനത് ഫണ്ട് – 10,000 മെയിന്റനൻസ് ഫണ്ട് – 65,000/-

അടങ്കൽ – 75,000/-

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

അസി.എഞ്ചിനീയറുടെ ഓഫീസിലേക്ക് ലാപ്പ്ടോപ്പ് വാങ്ങുന്നതിനും, വി.ഇ.ഒ ഓഫീ പ്രിന്റർ വാങ്ങുന്നതിനുമായി മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് വിഭാഗത്തിൽ നിന്നം 650 കെൽട്രോണിന് നൽകിയിട്ടുണ്ട്. (ബിൽ നം.66/22-23 Dt 19.3.23) എന്നാൽ നാളിതു ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ ടാക്സ് ഇൻവേ ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തതിന്റെ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.16/19.7.23) നൽക മറുപടിയായി Cprcs മുഖേന കെൽട്രോണിന് തുക നൽകിയിട്ടുള്ളതും സപ്ലൈ നൽകിയിട്ടുള്ളതുമാണെന്നും, സ്റ്റോക്ക് പരിമിതമായതിനാൽ 9/23ൽ സപ്ലൈ ചെയ്യുന്നതാ അറിയിച്ചിട്ടുണ്ട്. ഉപകരണങ്ങൾ ലഭ്യമായാൽ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഉപകരണങ്ങൾ ലഭ്യമാക്കി വിതരണം ചെയ്യുന്നതുവരെ രൂപ തടസ്സപ്പെടുത്തുന്നു.

## 1-29 നിക്ഷേപപ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ നിക്ഷേപപ്രവൃത്തികൾക്കായി 2022-23 വിവിധ ഏജൻസികളിൽ ഗ്രാമപഞ്ചായത്ത് തുക നിക്ഷേപിച്ചിട്ടു വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക/ ഫണ്ടിനം | ചെലവഴിച്ച തുക | തുക നിക്ഷേപിച്ച സ്ഥാപനം | ബിൽ തീയതി |
|---|---|---|---|---|
| SO034/23 കുഴൽകിണർ നിർമ്മാണം വാർഡ്5 | ധനകാര്യകമ്മീഷൻ ഗ്രാന്റ് 80000 | 62000 | ഭൂജലവകുപ്പ് | 250/10.3 |
| SO104/23 ഗവ.ഹോമിയോ ആശുപത്രിയിൽ രണ്ട് മുറി വൈദ്യുതീകരിക്കൽ | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) 108011 | 108011 | പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ സബ്ഡിവിഷൻ കോട്ടയം | 78/22-23,30.3.2 |
| ആകെ | | 170011 | | |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ ചെലവഴിച്ച 170011 രൂപ തടസ്സപ്പെടുത്തുന്നു.

**1-30 ദുരിതാശ്വാസനിധി - തുക ചെലവഴിക്കുന്നില്ല**

2003 ലെ കേരളപഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) പ്രകാരം ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. ഭരണങ്ങാനം ഗ്രാമപഞ്ച പരിധിയിലുള്ളവർക്ക് അത്യാഹിത സാഹചര്യങ്ങളിൽ സഹായം അനുവദിക്കുന്ന ദുരിതാശ്വാസനിധി ആരംഭിക്കുന്നതിനും നിധിയിലേയ്ക്ക് ധനം സമാഹരിക്കുന്നതിനുള്ള നട ഏകോപിപ്പിക്കുന്നതിനും ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കു പ്രസിഡണ്ട് ചെയർമാനായും സെക്രട്ടറി കൺവീനറായും 3-ാം വാർഡ് മെമ്പർ അം സബ്കമ്മിറ്റി രൂപീകരിക്കുന്നതിനും 19.4.22ലെ 16(1)-ാം നമ്പർ പ്രകാരം തീരുമാനം എടുത്ത പാലാ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് ഭരണങ്ങാനം ശാഖയിൽ നില 825308100000021 അക്കൗണ്ട് ദുരിതാശ്വാസനിധിയ്ക്കായി ഉപയോഗിക്കുന്നതിനും തീര എന്നാൽ ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ദുരിതാശ്വാസനിധിയിൽ നിന്നും തുക ചെലവഴിച്ചിട്ടില്ല. ദുരിതാശ്വാസ നിധിയിൽ ധനസമാഹരണം നടത്തുന്നതിനും അർഹതപ്പെ അവശ്യ സന്ദർഭങ്ങളിൽ ധനസഹായം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ

**1-31 ഉള്ളനാട് വെസ്റ്റ് റോഡ് മെയിന്റനൻസ് അധിക തുക പിൻവലിച്ചു**

| | |
|---|---|
| പ്രോജക്ട് /പ്രോജക്ട് നമ്പർ | ഉള്ളനാട് വെസ്റ്റ് റോഡ് മെയിന്റനൻസ്, 258/23 |
| കരാറുകാരൻ | ഷാജി മാത്യു |
| അടങ്കൽ/ചെലവ് | 600000/- മെയിന്റനൻസ് ഗ്രാന്റ്(റോഡ് )<br>454159/- |
| ബിൽ നം / തീയതി | 25/21-3-2023 |

ഉള്ളനാട് വെസ്റ്റ് റോഡ് മെയിന്റനൻസ് എന്ന പ്രവൃത്തി, ഭരണങ്ങാനം ഗ്രാമപഞ്ചായത്തിലെ 2023 തീയതിയിലെ 2(1) തീരുമാന പ്രകാരം എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 24.99% രേഖപ്പെടുത്തിയ ഷാജി മാത്യു എന്ന കരാറുകാരന് നല്കിയിട്ടുള്ളതാണ്. പ്രവൃത്തി പൂർത്ത കരാറുകാരന് ഫൈനൽ ബിൽ തയ്യാറാക്കി തുക നല്കിയപ്പോൾ നിയമാനുസൃതം പിൻവലി തുകയേക്കാൾ കൂടുതൽ തുക റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പിൻവലിച്ചിട്ടു കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | പിൻവലിച്ച തുക | പിൻവലിക്കാവുന്ന തുക |
|---|---|---|
| വേലമൂല്യം | 375492.62 | 375492.62 |
| മറ്റുള്ളവ | 9387.00 | 00 |
| ആകെ | 384879.62 | 375492.62 |
| റൗണ്ട് ഓഫ് | 0.38 | 0.38 |
| | 384880.00 | 375493.00 |
| ജി എസ് റ്റി 18% | 69278.40 | 67588.74 |

| | | |
|---|---|---|
| ആകെ | 454158.40 | 443081.74 |
| റൗണ്ട് ഓഫ് | 0.60 | 0.26 |
| ആകെ | 454159.00 | 443082.00 |

നിയമാനുസൃതം പിൻവലിക്കാവുന്നതിൽ അധികം പിൻവലിച്ച 11077/-രൂപയിൽ (
443082)9387/- രൂപ ട്രഷറിയിലുള്ള സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപ
അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 3/13.
നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. ഈ സാഹചര്യത്തിൽ സെക്ര
അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള 9387/- സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതും
തയ്യാറാക്കിയതിലെ അപാകതമൂലം നികുതി ഇനങ്ങളിൽ പഞ്ചായത്തിനുണ്ടായ അധിക
1690/- രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 1-32 ഗ്രാമപഞ്ചായത്തിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ

ഐക്യരാഷ്ട്രസംഘടന മാനവരാശിയുടെ ഐശ്വര്യപൂർണ്ണമായ ഭാവി ലക്ഷ്യമാക്കി പ്രഖ്യാപ
സുസ്ഥിരവികസനലക്ഷ്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനപദ്ധതി
സന്നിവേശിപ്പിക്കേണ്ടതാണെന്ന് സ.ഉ(കൈ നം.84/2022/തസ്വഭവ തീ28.5.22) നിർദ്ദേശി
വാർഷിക പദ്ധതി മാർഗ്ഗരേഖ ഖ8.1(സി)(1)പ്രകാരം ഓരോ പ്രദേശ
മാലിന്യമുക്തമാക്കുന്നതിനായി ജൈവമാലിന്യം ഉറവിടത്തിൽ തന്നെപരിപാ
അജൈവമാലിന്യം ശേഖരിച്ച് പുന:ചക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃ
എന്നിവയായിരിക്കണം ശുചിത്വമാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സമീപനം.

ഭരണങ്ങാനം ഗ്രാമപഞ്ചായത്തിൽ ജൈവമാലിന്യവും അജൈവമാലിന്യവും 100% ഉറവി
തന്നെ തരംതിരിക്കുകയും അജൈവമാലിന്യം പൂർണ്ണമായും വാതിൽപ്പടി ശേഖരണ
ഹരിതകർമ്മസേന നടത്തുകയും ചെയ്യുന്നു. ജൈവമാലിന്യം പൂർണ്ണമായും ഉറവി
സംസ്കരിക്കുന്നതിലേക്ക് വിവിധ കാലയളവിൽ പൈപ്പ് കംപോസ്റ്റ്, ബയോകംപോസ്റ്റ
കംപോസ്റ്റ് ബക്കറ്റ് കംപോസ്റ്റ് മുതലായ ഉപാധികൾ വിവിധ പദ്ധതികളിലൂടെ പൊതുജന
എത്തിച്ചു. സ്വന്തം പുരയിടത്തിൽ തന്നെ കുഴി കംപോസ്റ്റ് ഉപയോഗിക്കുന്ന കുടുംബ
മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി മുഖേന കംപോസ്റ്റ് പിറ്റ് ന
നൽകിയിട്ടുണ്ട്.

മാലിന്യമില്ലാത്ത വൃത്തിയുള്ള പൊതു ഇടം സൃഷ്ടിക്കുന്നതിനാവശ്യമായ ബോധവത
പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ നടത്തുന്നുണ്ട്. എല്ലാ ജലാശയങ്ങളിലെയും ഖരമ
നീക്കം ചെയ്ത് നീരൊഴുക്ക് ഉറപ്പാക്കുന്നതിന് തൊഴിലുറപ്പ് പദ്ധതി, ഇറിഗേഷൻ ഡിപ്പാ
പൊതുജന സഹകരണത്തോടെയുള്ള പഞ്ചായത്ത് തല പദ്ധതികൾ നടപ്പാക്കി പ
പരിധിയിലെ എല്ലാ ജലാശയങ്ങളിലെയും ഖരമാലിന്യങ്ങൾ നീക്കം ചെയ്ത് നീ
കൃത്യമാക്കുന്നതിനുള്ള പ്രോജക്റ്റ് ഈ വർഷം ഏറ്റെടുത്തിട്ടുണ്ട്. അജൈവമാലി
ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതുമായി ബന്ധപ്പെട്ട് സ്മാർട്ട് ഗാർബേജ്

നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ വീടുകളും സ്ഥാപനങ്ങളും കരാറിൽ ഏർപ്പെടുകയും ചെ
പ്ലാസ്റ്റിക് രഹിത ഭരണങ്ങാനം പദ്ധതിയിലൂടെ വിവിധ വർഷങ്ങളിലായി മാലിന്യ നിർമ്മ
പ്രവർത്തനങ്ങൾക്കാവശ്യമായ ശക്തമായ ഇടപെടലുകൾ നടത്താൻ ഗ്രാമപഞ്ചാ
സാധിച്ചിട്ടുണ്ട്. വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ മാലിന്യ നിർമ്മാർജനത്തിനാവശ്യമായ പദ്ധ
(ടോയ് ലറ്റ് കോംപ്ലക്സ് , കളക്ടേഴ്സ് സ്കൂൾ, തുമ്പൂർമൂഴി, സോക്ക്പിറ്റ്) ഏറ്റെടുത്തു നടപ്പാക്കി
വിവിധ സ്കൂളുകളിൽ ഷീ പാഡ് വെന്റിംങ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. പുതിയ എം.സ
നിർമ്മിക്കുന്നതിനായി 2023 മാർച്ച് മാസത്തിൽ 20 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട്. ബെ
യൂണിറ്റ് അടക്കമുള്ള സങ്കേതങ്ങളോടുകൂടിയ എം.സി.എഫ് നിർമ്മിക്കുന്നതിനായി 2
സാമ്പത്തിക വർഷത്തിൽ 22 ലക്ഷം രൂപയുടെ പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

ഹരിത കർമ്മ സേനയുടെ പ്രവർത്തനം ഭരണങ്ങാനം ഗ്രാമപഞ്ചായത്തിൽ 13 വാർഡുകളി
ഹരിതകർമ്മ സേനാംഗങ്ങൾ ഒരു കൺസോർഷ്യം രൂപീകരിച്ച് 2021 മുതൽ പ്രവർത്തി
ഗ്രാമപഞ്ചായത്തിലെ 96% വീടുകളിൽ നിന്നും, 78.88% വ്യാപാരസ്ഥാപനങ്ങളിൽ
അജൈവമാലിന്യങ്ങൾ ഹരിതകർമ്മസേനാംഗങ്ങൾ ശേഖരിക്കുന്നുണ്ട്. ഹരിതസേനാംഗ
മാന്യമായ സാമൂഹികസാഹചര്യം ഉണ്ടാക്കുന്നതിനായി യൂണിഫോം, കോട്ട്, തൊപ്പി
അറകളുള്ള ബാഗ്, ഗ്ലൗസ് എന്നിവ നൽകിയിട്ടുണ്ട്. എല്ലാ വീടുകളിലും ക്യൂ.ആർ കോഡ് പ
ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നുണ്ട്. ജൂൺ 2023
ഹരിതസഹായ സ്ഥാപനമായ സോഷ്യോ എക്കോണമിക് യൂണിറ്റ് ഫൗ
തെരഞ്ഞെടുക്കുകയും ഇവരിലൂടെ മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് ലഭ്യമാക്കുകയും ചെ
ഹരിത സേനാംഗങ്ങൾക്ക് പ്രതിമാസം 15000 രൂപ ലഭിക്കുന്നുണ്ട്.

## ഭാഗം –2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക

ഇല്ല.

## ഭാഗം –3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക

ഇല്ല.

## ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യപത്രിക പഞ ഭരണസമിതി 30/06/2023-ലെ 1(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ മുഖേന ഓൺലൈനായും ഓഡിറ്റ് സമയത്ത് സെക്രട്ടറിയുടെ 30/06/2023 400487/FMAR04/GPO/2023/4216 നം. കത്ത് മുഖേനയും ഓഡിറ്റിന് ഹാജരാക്കി ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 10/07/2023, 11/07/2023 തീയതികളിൽ പരിശേ വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. ന ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ 2022-23 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, ( ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവ യഥാക്രമം അനുബ 4, 5 ആയി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2022-23 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ 4,044,413/- രൂപയും ളാലം ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 3,009,532/- രൂപയും ലഭ സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| കോട്ടയം ജില്ല പഞ്ചായത്ത് | 84,413/- | പാലിയേറ്റീവ് കെയർ (31/23) | 84,413/- | 0 |
| | 3,730,000/- | ലൈഫ് ഭവന പദ്ധതി ജനറൽ (191/23) | 3,730,000/- | 0 |
| | 130,000/- | ഭിന്നശേഷി കുട്ടികൾക്ക് പഠനസഹായം (ശാരീരിക മാനസിക വെല്ലുവിളി) (111/23) | 130,000/- | 0 |
| | 100,000/- | അങ്കണവാടി പോഷകാഹാരം (1/23) | 100,000/- | 0 |
| **ആകെ** | **4,044,413/-** | **ജില്ല പഞ്ചായത്ത് വിഹിതം** | **4,044,413/-** | **0** |
| ളാലം ബ്ലോക്ക് പഞ്ചായത്ത് | 94,532/- | പാലിയേറ്റീവ് കെയർ (31/23) | 94,532/- | 0 |
| | 420,000/- | ലൈഫ് ഭവന നിർമ്മാണം-എസ്.സി. (192/23) | 420,000/- | 0 |
| | 2,420,000/- | ലൈഫ് ഭവന പദ്ധതി ജനറൽ (191/23) | 2,420,000/- | 0 |
| | 75,000/- | ഭിന്നശേഷി കുട്ടികൾക്ക് പഠനസഹായം (ശാരീരിക മാനസിക വെല്ലുവിളി) (111/23) | 75,000/- | 0 |
| **ആകെ** | **3,009,532/-** | **ബ്ലോക്ക് പഞ്ചായത്ത് വിഹിതം** | **3,009,532/-** | **0** |

ജില്ല-ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുകൾ നേരിട്ട് പഞ്ചായത്തിൽ നൽകാതെ ( മാപ്പിങ്ങിലൂടെ നേരിട്ട് ഗുണഭോക്തൃ അക്കൗണ്ടുകളിൽ ക്രെഡിറ്റ് ചെയ്യുകയാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2022-23 വർഷത്തിൽ പഞ്ചായത്ത് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് പൊതു വകുപ്പിലും ഭൂജല വകുപ്പിലും സെക്രട്ടറി നടപ്പാക്കിയ 2 പ്രോജക്ടുകളിലൂടെ 170,011/ നിക്ഷേപിച്ചിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുക ചെലവഴിച്ച തുകയുടെയും വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാ ബാക്കിയുള്ള തുക |
|---|---|---|---|---|
| പൊതുമരാമത്ത് വകുപ്പ് (ഇലക്ട്രിക്കൽ) | ഗവൺമെന്റ് ഹോമിയോ ആശുപത്രിയിൽ രണ്ട് മുറി വൈദ്യുതീകരിക്കൽ (104/23) | 108,011/- | 0 | 108,011/- |
| ഭൂജല വകുപ്പ് | കുഴൽക്കിണർ നിർമ്മിക്കൽ വാർഡ്-5 (34/23) | 62,000/- | 0 | 62,000/- |

104/23 നം. പ്രോജക്ട് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ(ഇലക്ട്രിക്കൽ) നിക്ഷേപിച്ച 1 രൂപ നിക്ഷേപ ശീർഷകത്തിൽ (460500205) അക്കൗണ്ട് ചെയ്തിട്ടില്ല. പ്രസ്തുത അക്ക അപാകത മൂലം പ്രസ്തുത നിക്ഷേപം 31/03/2023 ബാലൻസ് ഷീറ്റ് ബി-18 ഷെ പ്രതിഫലിച്ചിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത പരിഹരിച്ച് 2022-23 മുൻകൂർ രജിസ്റ്ററിലെ കണക്കുകളും കൃത്യമാക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും 2022-23 സാമ്പത്തിക വർഷം ക പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2022-23 വർഷം പഞ്ചായത്തിന് ലൈഫ് പദ്ധതിക്കായി KURDFC വായ്പ എടു നിലവിലുള്ള വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കു തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാ തിരിച്ചടയ്ക്കാ ബാക്കിയുള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ (KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/ 18.05.2018 | 7,672,000/- | ഇല്ല | 1,268,441/- | - | 6,403,559/ |

സെക്രട്ടറിയുടെ 302/23, 307/23, 308/23 നം. പ്രോജക്ടുകൾ പ്രകാരം ( ഫണ്ടിൽ(General) നിന്നും ആകെ 1,182,592/- രൂപയും 304/23, 310/23 നം. പ്രോജക്ടുകൾ വികസന ഫണ്ടിൽ (SCSP)-യിൽ നിന്നും 85,849/- രൂപയും ഉൾപ്പെടെ ആകെ 1,268,441 വികസന ഫണ്ട് അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത് ക്രമീകരിച്ചാണ് KURDF തിരിച്ചടവ് നടത്തിയത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ സ്ഥിരനിക്ഷേപ(Fixed D കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 610,497/- |
| തൻവർഷം നിക്ഷേപിച്ച തുക | 4,000,000/- |
| തൻവർഷം ലഭിച്ച തുക(പലിശ) | 94,488/- |
| ആകെ | 4,704,985/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 31/03/2023-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4,704,985/- |

തൻവർഷം കേരള ഗ്രാമീൺ ബാങ്കിന്റെ പ്രവിത്താനം ശാഖയിൽ 14/06/2022-ൽ 1 രൂപയും ഫെഡറൽ ബാങ്ക് ഭരണങ്ങാനം ശാഖയിൽ 23/03/2023-ൽ 30 ലക്ഷം സ്ഥിരനിക്ഷേപമായി നിക്ഷേപിച്ചിട്ടുണ്ട്. 31/03/2023 വരെയുള്ള സ്ഥിരനിക്ഷേപങ്ങളിൽ ( പലിശ നിക്ഷേപ തുകയിലേക്ക് ചേർക്കുകയാണ് ചെയ്തിട്ടുള്ളത്. നിക്ഷേപ സർട്ടിഫി പ്രകാരം പഞ്ചായത്തിന്റെ സ്ഥിരനിക്ഷേപത്തിന്റെ വിശദാംശങ്ങൾ താഴെ വിവരിക്കുന്നു.

| നിക്ഷേപിച്ച ബാങ്ക്/ശാഖ | FD Account No./ പലിശ നിരക്ക് | 01/04/2022 മുന്നിരിപ്പ് | 2022-23 ൽ നിക്ഷേപിച്ച തുക | 2022-23 ൽ ലഭിച്ച പലിശ | 31/03/202 നീക്കിയിരി |
|---|---|---|---|---|---|
| Bharananganam Service Co-Operaive Bank | 4712/420/05-06 7 % | 610,497/- | ഇല്ല | 42,735/- | 653,232/ |

| | | | | | |
|---|---|---|---|---|---|
| Ltd No.4150 /ഭരണങ്ങാനം | | | | | |
| Kerala Grameen Bank(KGB) /പ്രവിത്താനം | 40727202200093 5.9 % | ഇല്ല | 1,000,000/- | 46,491/- | 1,046,491/ |
| Federal Bank /ഭരണങ്ങാനം | 19100300018394 7 % | ഇല്ല | 3,000,000/- | 5,262/- | 3,005,262, |
| **ആകെ സ്ഥിര നിക്ഷേപം** | | **610,497/-** | **4,000,000/-** | **94,488/-** | **4,704,985** |

സ്ഥിരനിക്ഷേപത്തിന്റെ വിശദാംശങ്ങൾ സ്ഥിരനിക്ഷേപ രജിസ്റ്ററിൽ(Fixed Deposits R സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

## 4-7 ഓഡിറ്റ് റിക്കവറി

പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. പ്രസ്തുത രജിസ്റ്റർ പ്രകാര 23 വർഷം സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് ഖണ്ഡിക നിർദ്ദേശങ്ങൾ പ്രകാരം വിവിധ ഇനങ്ങളിലായി 24,033/- രൂപ പഞ്ചായത്ത് ‹ ഒടുക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | അടവാക്കിയ തുക/വരവിനം | തുക ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം തീയതി |
|---|---|---|---|---|---|
| 1. | 2006-07 | 3-1 | 5,120/- ട്രാൻസ്ഫർ റ്റി.എ. | അജേഷ് കുമാർ ക്ലാർക്ക് | 1220100837 26.08.2022 |
| 2. | 2020-21 | 1-32 | 4,777/- കാലിബാരൽ വില GST ഉൾപ്പടെ | അലീനാ നീറോ, അസിസ്റ്റന്റ്എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 1220100484 07.06.2022 |
| 3. | 2020-21 | 1-33 | 3,740/- Road Work Excess Payment (142/21) | അലീനാ നീറോ, അസിസ്റ്റന്റ്എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 1220100485 07.06.2022 |
| 4. | 2003-04 | 2-6 | 450/- ലൈസൻസ് ഫീസ് | സജിത്ത് മാത്യൂസ്, സെക്രട്ടറി | 1220100929 05.09.2022 |
| 5. | 2012-13 | 2-3 | 150/- തൊഴിൽ നികുതി | ലിസമ്മ നൈനാൻ, അറ്റൻഡർ, SBI | 1220100933 05.09.2022 |
| 6. | 2008-09 | 3-5 | 225/- ടെന്റർ ഫോറം | സജിത്ത് മാത്യൂസ്, സെക്രട്ടറി | 1220100932 05.09.2022 |

| | | | | | |
|---|---|---|---|---|---|
| 7. | 2003-04 | 2-5 | 2,500/-<br>തൊഴിൽ നികുതി | അസിസ്റ്റന്റ്എഞ്ചിനീയർ, KSEB ഭരണങ്ങാനം | 1220100928<br>05.09.2022 |
| 8. | 2021-22 | 3-1<br>& 1-23 | 7,071/-<br>Subsidy Excess Payment(32/22) | രേവതിക്കുട്ടികെ.ആർ., ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 1220102964<br>20.01.2023 |
| ഓഡിറ്റ് റിക്കവറിയായി ആകെ അടവാക്കിയത് 24,033/- രൂപ | | | | | |

ഓഡിറ്റ് റിക്കവറി തുക സർക്കാരിലേക്ക് ഒടുക്കേണ്ട തുകയും പഞ്ചായത്തിന്റെ വരവായ് ശീർഷകങ്ങളിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്(ക്രമ നം.2,3,8). അക്കൗണ്ടിങ്ങ് അ പരിഹരിച്ച് തുകകൾ സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരങ്ങൾ ചുവടെ ചേർക്ക

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | - | 2013-14 | 5-1 | ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള സ്രോതസ്സുകളും | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാ |
| 2014-15 | 2-3-1, 2 | 2016-17 | അനുബന്ധം 3,4 | തൊഴിൽ നികുതി, വസ്തുനികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാ |
| 2015-16 | 2-5 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ തീർ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല. സർച്ചാർജ് നടപടികളിലൂടെ 2022-23 വർഷം പ ഫണ്ടിൽ തുകയൊന്നും അടവാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ് ഉൾപ്പടെ (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 58,547,852/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 31,627,885/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 101,575,682/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 106,519,164/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,322,511/- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 150,000/- | ഡോ. അനൂപ് ജോസ്, മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 1-26 | 937,500/- | ഡോ. സുസ്മിത ശശിധരൻ, വെറ്റിനറി സർജൻ |
| 1-28 | 65,000/- | സജിത്ത് മാത്യൂസ്, സെക്രട്ടറി |
| 1-29 | 170,011/- | സജിത്ത് മാത്യൂസ്, സെക്രട്ടറി |
| **ആകെ** | **1,322,511/-** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവ**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

- വാർഡ് തലത്തിൽ ഫീൽഡ് പരിശോധന ആവശ്യമുള്ളത് – 1-15, 1-17, 1-18 ഖണ്ഡികകൾ
- സാങ്കേതിക വിഭാഗവുമായി ബന്ധപ്പെട്ട് പരിശോധന ആവശ്യമുള്ളത്- ഖണ്ഡിക 1-20
- ഭരണസമിതി തുടർപരിശോധന നടത്തേണ്ടത് – ഖണ്ഡിക 1-27

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസ**

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച റിപ്പോർട്ടുകളിൽ 31/07/2023 തീയതി വരെയുള്ള തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറ അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്ന വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.കെ.പി11-17/2009 /12.01.2010 | 8 |
| 2003-04 (വരവ്) | കെ.എസ്.എ.-കെ.ടി.എം.പി7/ അദാ-2022/37(7)/2022 /04.08.2022 | 1 |
| 2003-04 (ചെലവ്) | കെ.എസ്.എ.-കെ.ടി.എം.പി7/ അദാ-2022/37(8)/2022/04.08.2022 | 2 |
| 2006-07 | കെ.എസ്.എ.-കെ.ടി.എം.പി7/ അദാ-2022/37(9)/2022/04.08.2022 | 4 |
| 2008-09 | കെ.എസ്.എ.-കെ.ടി.എം.പി7/ അദാ-2022/37(10)/2022/04.08.2022 | 2 |
| 2010-11 | കെ.എസ്.എ.-കെ.ടി.എം.പി7/ അദാ-2022/37(12)/2022/04.08.2022 | 6 |
| 2011-12 | കെ.എസ്.എ.-കെ.ടി.എം.പി7/ അദാ-2022/345(1)/2022/04.08.2022 | 2 |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി7/ അദാ-2022/345(2)/2022/04.08.2022 | 6 |
| 2013-14 & 2014-15 | കെ.എസ്.എ.-കെ.ടി.എം.പി7/ അദാ-2022/345(3)/2022/04.08.2022 | 4 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി7/345(4)/2022/ 17.08.2022 | 1 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി7/345(5)/2022/ 17.08.2022 | 7 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി7/345(6)/2022/ 17.08.2022 | 6 |

| | | |
|---|---|---|
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി7/345(7)/2022/ 17.08.2022 | 16 |
| 2019-20 | കെ.എസ്.എ.-കെ.ടി.എം.പി7/1970/2022/ 21.11.2022 | 3 |
| 2020-21 | കെ.എസ്.എ.-കെ.ടി.എം.പി7/677/2022/ 27.10.2022 | 18 |
| 2021-22 | കെ.എസ്.എ.-കെ.ടി.എം.പി7/572/2023/ 15.05.2023 | 22 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്ക അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡ**
**കേരള സംസ്ഥാന ഓഡി**
**ജില്ലാ ഓഡിറ്റ് കാര്യാലയം-**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 30-06-2023 and submitted on 30-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Bharananganam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Bharananganam Grama Panchayat for the year 2022-2023

**Date: 05/10/2023** **Deputy Director**

Kerala State Audit Department

## Audit Report appended to the Audit Certificate of Bharananganam Grama Panchayat for the Year 2022-2023.

### 1.Major Observations

1. Non-Disclosure of Assets- Assets not classified and evaluated.
2. Non-Disclosure of Capital Contribution. Capital Contribution Register and details not kept. Amount used for Asset creation using specific grant acount not transferred to capital contribution and treated as revenue income.
3. General Fund Details not maintained. Source data not available for the value of Total General Fund as on 31/03/2023.

### 2.Other Observations

1. Payments voucher-misclassification of Assets.
2. Payments voucher-misclassification of Accrual accounting of contingent expenditures.
3. Discrepancies in carrying forward of the closing balance of the advance of 9.87 lakhs to KELTRON in the year.

4. Government and Other dues register is not kept.
5. The redemption amount of Rs.32,407/- not accounted as Expenditure for the year.
6. The details of opening balance of deposits received are not fully disclosed in Deposit Register.
7. Building Rent exempted amount Rs.18,730/- not accounted

8. CSR fund of Rs 5 Lakhs received during the year accounted as Distress Relief Fund.
9. Arrear of accrual income received during the year accounted in revenue account head instead of accrual arrear account head.
10. The register showing the details of Capital Work in Progress is not kept.
11. Depreciation accounted as prior period expenditure not detailed.
12. Road assets(Tarred) of panchayath exempted and became zero as on 31/03/2023

without proper documents.

13. Advance to PWD made during the year not accounted in Advance Account Head.

14. A zero balance account of Health Grant Deposit (Canara Bandk A/C. No. 110042291401- among the three accounts) not included in AFS. Account remains non-operative upto 31/03/2023.

15. Direct expenditure of Beneficiary Contribution not accounted.

**Deputy Director**
**District Audit Office Kottayam**
**Kerala State Audit Department**

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്